# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## വിജ്ഞാപനം

### സ്പെഷ്യൽ റിക്രൂട്ട്മെന്റ് - ജില്ലാതലം
### കാറ്റഗറി നമ്പർ : 189/2020

കേരള സംസ്ഥാന സർവ്വീസിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്ക് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങളിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത മാതൃകയിൽ എഴുതി (മാതൃക ചുവടെ ചേർക്കുന്നു) അപേക്ഷകൾ ക്ഷണിക്കുന്നു. മേൽപ്പറഞ്ഞ വിഭാഗങ്ങൾ ലഭ്യമല്ലാത്തപക്ഷം അട്ടപ്പാടി ബ്ലോക്കിലെ Most primitive group-ൽ ഉൾപ്പെട്ടവരെയും പരിഗണിക്കുന്നതാണ്.

1 **വകുപ്പ്** : **എക്സൈസ്**

2 **ഉദ്യോഗപ്പേര്** : **സിവിൽ എക്സൈസ് ഓഫീസർ**

(പട്ടികവർഗ്ഗക്കാർക്കായുളള പ്രത്യേക നിയമനം - **പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കി**ലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും Most primitive group-ൽ ഉൾപ്പെട്ടവർക്കും മാത്രം)**

(കുറിപ്പ്: ഭിന്നശേഷിയുള്ളവർക്കും വനിതകൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.)

3 **ശമ്പളം** : ₹ 20000-45800/-

4 **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**
**പാലക്കാട്** - 1

**കുറിപ്പ്:-**

**(i)** 10.11.2010-ലെ GO(P)NO.264/10/TD (SRO 1025/10) ഉം 03.10.2015-ലെ GO(P)No.178/2015/TD (SRO No.669/2015) ഉം പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിട്ടുളളത്.

ii) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുളളതാണ്. ഈ വിജ്ഞാപനപ്രകാരം പാലക്കാട് ജില്ലയ്ക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം നിലവിലിരിക്കുന്നതാണ്. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും Most primitive group-നും മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) 23.08.2016-ലെ സ.ഉ (എം.എസ്) നം.84/2016/നി.വ പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും most primitive group-നും മാത്രമായി പരിമിതപ്പെടുത്തിയിട്ടുളളതിനാൽ ഈ വിജ്ഞാപനം പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിലായിരിക്കും. PSC-യുടെ പാലക്കാട് ജില്ലാ ആഫീസിലേയ്ക്കാണ് അപേക്ഷ അയയ്ക്കേണ്ടത്.

iv) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്നതോ most primitive group-ൽ പെടുന്നതോ ആയ ആളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് റവന്യൂ

അധികാരികളിൽ നിന്ന് വാങ്ങേണ്ടതും (അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയ്ക്ക് മുൻപ്), ആയത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

v) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് വാങ്ങേണ്ടതും (അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയ്ക്ക് മുൻപ്), ആയത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം – **പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്** ലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങളിൽ നിന്നും most primitive group –ൽ നിന്നും മാത്രം**)

**<u>കുറിപ്പ്</u>:–1** മേൽ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**2)** സ്പെഷ്യൽ ഡ്രൈവ് മുഖേനയുള്ള പ്രത്യേക നിയമനം സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ വ്യാപകമായ പ്രചാരണം നടത്തുന്നതിനായി ആദിവാസ ഊരുകളിൽ പ്രവർത്തിക്കുന്ന ഫീൽഡ് ഓഫീസർമാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിർദ്ദേശം നൽകുന്നതാണ്. 21.03.2015–ലെ GO(Rt)No.708/2015/Home പ്രകാരം പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങളെ എല്ലാം ഏകോപിപ്പിക്കുന്നതിനായി സർക്കാർ തന്നെ നിയോഗിച്ചിട്ടുള്ള ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഇതു സംബന്ധിച്ച വ്യാപകമായ പ്രചാരണം നടത്തുന്നതിനായി നിർദ്ദേശം നൽകേണ്ടതാണ്. സ്പെഷ്യൽ ഡ്രൈവ് മുഖേനയുള്ള പ്രത്യേക നിയമനം സംബന്ധിച്ച് യോഗ്യതയും താല്പര്യവുമുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കിടയിലും വ്യാപകമായ അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് പ്രസ്തുത ഉദ്യോഗസ്ഥൻമാർ ഉറപ്പുവരുത്തേണ്ടതാണ്.

**6 പ്രായപരിധി** : 19 – 36 , ഉദ്യോഗാർത്ഥികൾ 02.01.1984–നും 01.01.2001–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ് ഇളവിനെ സംബന്ധിച്ച് മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7 <u>യോഗ്യതകൾ:</u>**

1) **<u>വിദ്യാഭ്യാസ യോഗ്യത :–</u>**

**പ്ലസ്ടു (+2) പരീക്ഷ വിജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.**

*കുറിപ്പ് :-*
*1) മുകളിൽ സൂചിപ്പിച്ച യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ 8-ആം ക്ലാസ് പാസ്സായവർവരെയുള്ളവരെയും പരിഗണിക്കുന്നതാണ്.*
*2) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.*

2) **ശാരീരിക യോഗ്യത :-**

ഉയരം കുറഞ്ഞത് 160 സെ.മീ (155 സെ.മീ വരെയുള്ളവർക്ക് ഇളവ് അനുവദിക്കുന്നതാണ്), നെഞ്ചളവ് കുറഞ്ഞത് 76 സെ.മീ ഉം ( 72 സെ.മീ വരെയുള്ളവർക്ക് ഇളവ് അനുവദിക്കുന്നതാണ്) എന്നാൽ പൂർണ്ണ ഉഛ്വാസത്തിൽ കുറഞ്ഞത് 5 സെ.മീ വികാസം ഉണ്ടായിരിക്കണം.

3) **കായിക ശേഷിയും കാഴ്ച ശക്തിയും :-**

(i) ഔട്ട്ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും ശാരീരിക യോഗ്യതയും കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജ്ജനിൽ താഴെയല്ലാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തുന്നതുമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|---|
| a) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) | കളർ വിഷൻ | സാധാരണ | സാധാരണ |
| d) | നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

കുറിപ്പ് :- (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(2) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് അസ്സൽ കായികക്ഷമതാ പരീക്ഷയുടെ മുന്നോടിയായുള്ള പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>FORM OF MEDICAL CERTIFICATE</u>

I have this day, medically examined Sri .......................................... and found that his/her hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases which would render him unsuitable for Government Services. His age according to his own statement is ...................... and by appearance is ......................... and his standards of vision is as follows:

### <u>Standard of vision without glass</u>

| | | **Right Eye** | **Left Eye** |
|---|---|---|---|
| 1) | Distant Vision | ..................... Snellen | ....................... Snellen |
| 2) | Near Vision | ..................... Snellen | ....................... Snellen |
| 3) | Field of Vision | .......................... | .......................... |
| 4) | Colour Vision | ......................... | .......................... |
| 5) | Night Blindness | ......................... | .......................... |

(Specify whether field of vision is full or not. Entries such as normal, good etc are inappropriate)

He is physically fit for the post of Civil Excise Officer in the Excise Department.

Place:　　　　　　　　　　　　　　Signature
Date:　　　　　　　　　　　　　　Name & Designation of Medical Officer

(Office Seal)

കുറിപ്പ് :- കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

4) **കായികക്ഷമതാ പരീക്ഷ** :- ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിച്ചിരിക്കേണ്ടതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 3 (മൂന്ന്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 132.20 സെ.മീ |
| 3 | ലോംഗ് ജമ്പ് | 457.20 സെ.മീ |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീ |
| 6 | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

കുറിപ്പ് :- ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**കുറിപ്പ്–**

**i)** ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തി ദിവസമെങ്കിലും) അടിസ്ഥാന പരിശീലനം സിവിൽ എക്സൈസ് ഓഫീസർ ട്രെയിനി വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ, രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും, പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതുമല്ല.

**ii)** എൻ.സി.സി യുടെ " എ" , "ബി", " സി" സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം " 2%" , "3%" , "5% " എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതാണ്.

**8. അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി :**

യോഗ്യരായ ഉദ്യോഗാർത്ഥികൾ എഴുതിയതോ ടൈപ്പ് ചെയ്തതോ ആയ അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ നേരിട്ടോ തപാൽ

മുഖേനയോ ക്രമ നമ്പർ 9–ൽ പറയുന്ന തീയതിക്കകം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത, വയസ്സ്, ജാതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടുത്തേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫീൽഡ് ഓഫീസർമാർ ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും യോഗ്യതയും താല്പര്യവുമുള്ള എല്ലാ ഉദ്യോഗാർത്ഥികളും നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**കുറിപ്പ്** – അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമനശിപാർശ നിരുപാധികമായി റദ്ദു ചെയ്യുന്നതാണ്.

**അപേക്ഷയുടെ മാതൃക**

| | | | |
|---|---|---|---|
| 1 | തസ്തികയുടെ പേര് | : | |
| 2 | കാറ്റഗറി നമ്പർ | : | |
| 3 | അപേക്ഷ സമർപ്പിക്കുന്ന ജില്ല | : | |
| 4 | അപേക്ഷകന്റെ പേര് | : | |
| 5 | അപേക്ഷകന്റെ പിതാവ് / മാതാവ് / രക്ഷകർത്താവിന്റെ പേര് | : | |
| 6 | അപേക്ഷകന്റെ ജനന തീയതി, വയസ്സ് | : | |
| 7 | അപേക്ഷകന്റെ ജാതി | : | |
| 8 | സ്ത്രീ / പുരുഷൻ | : | |
| 9 | അപേക്ഷകൻ വെയിറ്റേജ് മാർക്കിന് (എൻ.സി.സി./സ്പോർട് സ് തുടങ്ങിയവ) അർഹനാണൊ ? | : | |
| 10 | അർഹനാണെങ്കിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തുക (9–ന്റെ വിശദാംശങ്ങൾ) | : | |
| 11 | സ്ഥിരം മേൽവിലാസം | : | |
| 12 | യോഗ്യത | : | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൽ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്

തീയതി: ഉദ്യോഗാർത്ഥിയുടെ പേര്:

ഫോൺ നമ്പർ :

## സാക്ഷ്യപത്രം

........................ തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ..................................................... .തസ്തികയിലേക്ക് (Category No. ........................) അപേക്ഷ സമർപ്പിച്ച .......................................... ശ്രീ......................................................................... രക്ഷിതാവിന്റെ പേര് ................................................................................ കേരള സംസ്ഥാനത്തെ ........................................................................................ജില്ലയിലെ.......................................................................................... താലൂക്കിലെ ..........................................................വില്ലേജിലെ ...................................................... താഴെ പറയുന്ന പ്രദേശത്ത് സ്ഥിരതാമസക്കാരനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

1. ബ്ലോക്കിന്റെ പേര് : ...........................................................................
2. വനാന്തരം/വനാതിർത്തി : ...........................................................................

(ബാധകമായത് എഴുതി ചേർക്കുക)

3. സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണോ? : ............................
4. ആണെങ്കിൽ കോളനിയുടെ പേര്: ................................................................

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്കുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ളതാണ്

പേര് :

ഉദ്യോഗപ്പേര് :

( ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/

ഔദ്യോഗിക വിലാസം :

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)

**അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്.**

1) ജനനത്തീയതി/പ്രായം/പ്ലസ് –2 യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

2) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്. (പണിയൻ/അടിയാൻ/കാട്ടുനായിക്കൻ വിഭാഗവും അട്ടപ്പാടി ബ്ലോക്കിലെ most primitive group–ഉം മാത്രം).

3) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന ഫോറസ്റ്റ് റേഞ്ചർ / ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ നൽകുന്ന മേൽ സൂചിപ്പിച്ച പ്രകാരമുള്ള സാക്ഷ്യപത്രം .

**9.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **23.12.2020 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ**

10 അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : **പാലക്കാട്**

ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ്,
സിവിൽ സ്റ്റേഷൻ,പാലക്കാട് – 678 001
ഫോൺ : 0491–2505398

***കുറിപ്പ് :– പാലക്കാട് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ, റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടേയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.***

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976–ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 –ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, 30.01.2016–ലെ സ.ഉ (എം.എസ്) നം.10/2016/നി.വ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 – ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകൾ നോക്കുക.